# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4347 13/12/2018 ൽ മറുപടിക്ക്

**<u>ശബരിമല സ്ത്രീ പ്രവേശനത്തിൽ സുപ്രീം കോടതിയിലെ സർക്കാർ നിലപാട്</u>**

ചോദ്യം മറുപടി

ശ്രീ.ഹൈബി ഈഡൻ

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സ്വീകരിച്ച നിലപാട് വിശദീകരിക്കാമോ; | (എ) | ശബരിമലയിൽ സ്ത്രീകൾ പ്രവേശിക്കുന്നതിന് സർക്കാർ എതിരല്ലെന്നും എന്നാൽ ഇത് ആചാരസംബന്ധമായ വിഷയമായതിനാൽ ഹിന്ദു ധർമ്മ ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള പണ്ഡിതന്മാരുടെ കമ്മീഷൻ രൂപീകരിച്ച് അവരുടെ അഭിപ്രായം കൂടി തേടിയതിന് ശേഷം തീരുമാനം കൈക്കൊള്ളുന്നതാണ് ഉചിതമെന്നും ഇക്കാര്യത്തിൽ സർക്കാർ നിയമ നിർമ്മാണത്തിനില്ലെന്നും കോടതിവിധി എന്തായാലും അനുസരിക്കുമെന്നുമുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | 1965 ലെ നിയമത്തിലെ സുപ്രീംകോടതി റദ്ദാക്കിയ ചട്ടങ്ങൾ സ്ത്രീകളോടുള്ള വിവേചനത്തിന്റെ ഭാഗമായി കാണാൻ സാധിക്കില്ല എന്ന നിലപാട് സർക്കാർ പ്രസ്തുത കേസിൽ സ്വീകരിച്ചിരുന്നോ; | (ബി) | 1965 ലെ നിയമത്തിലെ ചട്ടങ്ങൾ സംബന്ധിച്ച് സർക്കാർ പ്രത്യേക സത്യവാങ്മൂലം നൽകിയിട്ടില്ല. |
| (സി) | ശബരിമല സ്ത്രീ പ്രവേശനക്കേസിൽ മുൻ സർക്കാർ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (സി) | 2007 ൽ അന്നത്തെ സർക്കാർ നല്കിയ സത്യവാങ്മൂലം പിൻവലിച്ച് ശബരിമലയിൽ യുവതികളായ സ്ത്രീകൾ പ്രവേശിക്കുന്നതിന് സർക്കാർ അനുകൂലിക്കുന്നില്ലെന്ന നിലപാടാണ് മുൻ സർക്കാർ സ്വീകരിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാര ത്തിലെത്തിയ ശേഷം മുൻ സർക്കാർ സ്വീകരിച്ച നിലപാടിൽ നിന്നും വ്യത്യസ്ത നിലപാട് സ്വീകരിച്ചിരുന്നോ; ഇതിനുള്ള കാരണം വിശദമാക്കാമോ? | (ഡി) | ശബരിമല സ്ത്രീ പ്രവേശനക്കേസിൽ 2007-ൽ സർക്കാർ നൽകിയ സത്യ വാങ്മൂലത്തിൽ ഉറച്ച് നിൽക്കുന്ന തായിട്ടുള്ള നിലപാടാണ് ഈ സർക്കാർ ബഹു.സുപ്രീം കോടതിയെ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ